I/99363/2023

## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ 2023-24 ശബരിമല തീർത്ഥാടനം - ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) 07/10/2023 ലെ ഇതേ നമ്പർ കത്ത്
2) വിവിധ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭ്യമായ റിപ്പോർട്ട്

### ഉത്തരവ് നം : പി എച്ച് 5/ 17850/2023/ആ.വ.ഡ തിയതി : 27-10-2023

2023-24 ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി വകുപ്പുമായി ബന്ധപ്പെട്ട ഡ്യൂട്ടി ചെയ്യുന്നതിന് വേണ്ടി ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും വിശദാംശം ലഭ്യമാക്കാൻ പരാമർശം (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിൽ പരാമർശം (2) പ്രകാരം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും ജീവനക്കാരുടെ വിശദാംശം സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കിയിരിക്കുന്നു.

പ്രസ്തുത ലിസ്റ്റ് വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2023-24 ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഡ്യൂട്ടി ചെയ്യുന്നതിന് വേണ്ടി ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരേയും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഏകീകൃത ലിസ്റ്റ് പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

പത്തനംതിട്ട ജനറൽ ആശുപത്രിയിലും എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിലും നിയമനം ലഭിച്ച ജീവനക്കാർ അതാത് സ്ഥാപനമേധാവി മുൻപാകെയും, മറ്റു ഡ്യൂട്ടി സ്റ്റേഷനിൽ നിയമനം ലഭിച്ച ജീവനക്കാർ നിലയ്ക്കൽ പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് മുൻപാകെയും യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പ്രസ്തുത ഡ്യൂട്ടി ലിസ്റ്റ് പ്രകാരം നിയമിക്കപ്പെട്ട ജീവനക്കാരെ സ്ഥാപന മേധാവികൾ യഥാസമയം വിടുതൽ ചെയ്യേണ്ടതും, ജില്ലാതലത്തിൽ നിന്നും ആയതിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്.

ഇപ്രകാരം നിയമനം ലഭിച്ചിരിക്കുന്ന ജീവനക്കാർക്ക് ഡ്യൂട്ടി ചെയ്യാൻ സാധിക്കാത്ത തരത്തിൽ എന്തെങ്കിലും അത്യാവശ്യ സാഹചര്യം ഉണ്ടായാൽ പ്രസ്തുത വിഷയം ശബരിമല സ്റ്റേറ്റ് നോഡൽ ഓഫീസർ മുൻപാകെ രേഖാമൂലം അറിയിക്കേണ്ടതും, ആയതിന്റെ പുനഃക്രമീകരണം സംബന്ധിച്ച വിശദാംശം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്. അപ്രകാരം ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി പുനഃക്രമീകരിച്ചുകൊണ്ടുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് ലഭിക്കുന്നതായിരിക്കും.

Signed by
Dr Reena K J
Date: 27-10-2023 22:36:21

Dr REENA K J
DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

പകർപ്പ് :

1. ആരോഗ്യവകുപ്പ് ഡയറക്ടർ/ അഡിഷണൽ ഡയറക്ടർ (PH/ MEDICAL)
(സി എ മുഖാന്തിരം)
2. സ്റ്റേറ്റ് നോഡൽ ഓഫീസർ (ശബരിമല)